(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മന്ത്രിമാരുടെ ചെലവുകൾ

1 [1] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റെടുത്ത ശേഷം മുഖ്യമന്ത്രിയുൾപ്പെടെയുള്ള ഓരോ മന്ത്രിമാരും ടി. എ., ഡി. എ., വിമാനയാത്രാക്കൂലി, ടെലിഫോൺ ചാർജ്ജ്, മെഡിക്കൽ റീഇംപേഴ്സ്മെന്റ്, സെല്ലുലാർ ഫോൺ ചാർജ്ജ്, ചായ സൽക്കാരം, ഔദ്യോഗിക വസതി മോടിപിടിപ്പിക്കൽ എന്നീ ഇനങ്ങളിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഇതേ കാലയളവിൽ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ടവർ ടി.എ., ഡി. എ., ടെലിഫോൺ ചാർജ്ജ്, വിമാനയാത്രാക്കൂലി എന്നീ ഇനങ്ങളിൽ എന്തു തുക ചെലഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മറുപടി അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

(ബി) അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

മന്ത്രിമാരുടെ ചെലവ്

2 [2] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2003 ഡിസംബർ 31 വരെ മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും, ലാന്റ് ഫോണും മൊബൈൽ ഫോണും ഉൾപ്പെടെ ടെലിഫോൺ ചാർജ്ജ് ഇനത്തിൽ എത്ര തുക വീതം ചെലവഴിച്ചു എന്ന് വെളിപ്പെടുത്താമോ;

(ബി) മേൽപ്പറഞ്ഞ അതേ കാലഘട്ടത്തിൽ അതിഥി സൽക്കാരത്തിനു വേണ്ടി മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും എത്ര തുകവീതം ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2003 ഡിസംബർ 31 വരെ മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും ലാന്റ് ഫോണും മൊബൈൽ ഫോണും ഉൾപ്പെടെ ടെലിഫോൺ ചാർജ്ജ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

	മന്ത്രി		ചെലവഴിച്ച തുക
1.	ശ്രീ. എ. കെ. ആന്റണി, മുഖ്യമന്ത്രി	..	11,94,517
2.	ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി	..	15,09,010
3.	ശ്രീ. ബാബു ദിവാകരൻ, തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി	..	7,55,119
4.	ശ്രീ. എം. വി. രാഘവൻ, സഹകരണവും തുറമുഖവും വകുപ്പുമന്ത്രി	..	10,67,575
5.	ശ്രീ. സി. എഫ്. തോമസ്, ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി	..	5,79,276
6.	ശ്രീ. നാലകത്ത് സൂപ്പി, വിദ്യാഭ്യാസ വകുപ്പുമന്ത്രി	..	17,63,963
7.	ശ്രീ. കടവൂർ ശിവദാസൻ, വിദ്യുച്ഛക്തി വകുപ്പുമന്ത്രി	..	10,85,041
8.	ശ്രീ. പി. ശങ്കരൻ, ആരോഗ്യ വകുപ്പുമന്ത്രി	..	9,19,709
9.	ശ്രീ. ചെർക്കളം അബ്ദുള്ള, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി	..	12,02,704
10.	ശ്രീ. കെ. എം. മാണി, റവന്യൂവും നിയമവും വകുപ്പുമന്ത്രി	..	10,93,376
11.	ശ്രീ. കെ. സുധാകരൻ, വനവും സ്പോർട്ട്സും വകുപ്പുമന്ത്രി	..	15,77,053

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രി		ചെലവഴിച്ച തുക
12. ഗതാഗത വകുപ്പുമന്ത്രി, ശ്രീ. കെ. ബി. ഗണേഷ്കുമാർ 17-5-2001 മുതൽ 7-3-2003 (മുൻ ഗതാഗത വകുപ്പുമന്ത്രി)	..	3,15,502
ശ്രീ. ആർ. ബാലകൃഷ്ണ പിള്ള, ഗതാഗത വകുപ്പുമന്ത്രി 10-3-2003 മുതൽ 31-12-2003	..	55,714
ആകെ	..	3,71,216
13. ശ്രീ. ജി. കാർത്തികേയൻ, ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി	..	6,29,897
14. ശ്രീ. എം. എം. ഹസ്സൻ, ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി	..	6,92,595
15. ശ്രീ. കെ. ശങ്കരനാരായണൻ, ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി	..	8,52,518
16. ഡോ. എം. കെ. മുനീർ, മരാമത്തു വകുപ്പുമന്ത്രി	..	10,61,009
17. ഡോ. എം. എ. കുട്ടപ്പൻ, പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി	..	6,24,044
18. പ്രൊഫ. കെ. വി. തോമസ്, ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി	..	8,34,293
19. ശ്രീ. ടി. എം. ജേക്കബ്, ജലവിഭവ വകുപ്പുമന്ത്രി	..	11,43,999
20. ശ്രീമതി കെ. ആർ. ഗൗരി അമ്മ, കൃഷിവകുപ്പുമന്ത്രി	..	4,03,652

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ലോക മലയാളി സമ്മേളനം

3 [3] ശ്രീ. കോവൂർ കുഞ്ഞുമോൻ:

,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലണ്ടനിൽ നടന്ന ലോക മലയാളി സമ്മേളനത്തിലും അനുബന്ധ പരിപാടികളിലും ഏതെല്ലാം മന്ത്രിമാരും ഉദ്യോഗസ്ഥരും പങ്കെടുത്തു എന്ന് വെളിപ്പെടുത്തുമോ;

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly